Kudumbashree
State Poverty Eradication Mission
Local Self Govt. Department, Govt. of Kerala

**11317/F/2018/KSHO** **16.10.2018**

പ്രേഷക

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

സ്വീകർത്താവ്

സെക്രട്ടറി
(കാസർഗോഡ്/കോഴിക്കോട്/നോർത്ത് പരവൂർ നഗരസഭകൾ ഒഴികെ)

സർ/മാഡം

വിഷയം: കുടുംബശ്രീ - എൻ.യു.എൽ.എം - തെരുവ് കച്ചവടനിയമം 2014 - ടൗൺ വെൻഡിംഗ് മാർക്കറ്റ് - പ്ലാൻ ആസൂത്രണം - നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്.

സൂചന:
1. 10/10/2018-ൽ കൂടിയ വഴിയോര കച്ചവട സംസ്ഥാനതല പ്രോജക്ട് സാങ്ഷനിംഗ് കമ്മിറ്റിയുടെ യോഗ തീരുമാനം നം.-4.
2. എൻ.യു.എൽ.എം മാർഗ്ഗരേഖ അദ്ധ്യായം 5 ഉപഘടകം 2,8 ഉം

സംസ്ഥാന കുടുംബശ്രീ നഗരസഭകൾ വഴി നിർവ്വഹണം ചെയ്തു വരുന്ന ദേശീയ തെരുവ് കച്ചവട സംരക്ഷണ/നിയന്ത്രണ പദ്ധതി പ്രകാരം തെരുവ് കച്ചവടക്കാരുടെ പുനരധിവാസത്തിനായി നഗരസഭകൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടുന്ന നഗര തെരുവ് കച്ചവട മാർക്കറ്റുകളുടെ /അടിസ്ഥാന സൗകര്യ വികസന രൂപരേഖ (പ്ലാൻ) തയ്യാറാക്കുമ്പോൾ സൂചന (2) ൽ പ്രതിപാദിച്ചിരിക്കുന്ന വ്യവസ്ഥകൾക്ക് പുറമെ താഴെപറയുന്ന നിർദ്ദേശങ്ങൾ കൂടി പരിഗണിക്കേണ്ടതാണ്.

(1) നിലവിലുള്ള മാസ്റ്റർ പ്ലാൻ-ന് അനുസൃതമായി നഗര തെരുവ് വാണിഭ രൂപരേഖ തയ്യാറാക്കേണ്ടതാണ്.

(2) റോഡ് ബന്ധം ഉണ്ടായിരിക്കേണ്ടതാണ്.

TRIDA Building, Medical College P.O, Thiruvananthapuram 695011
T. 0471 255 4714, 255 4715(0) F. 0471 255 4717
info@kudumbashree.org www.kudumbashree.org

(3) സുഗമമായ ഗതാഗതം/ കാൽനടയ്ക്കുള്ള സംവിധാനത്തിന് തടസ്സം ഉണ്ടാക്കാൻ പാടില്ല

(4) നഗരസഭയുടെ ഉടമസ്ഥതയിലുള്ള /ലഭ്യമായ സ്ഥലത്ത് വെന്റിംഗ് മാർക്കറ്റ് രൂപപ്പെടുത്തേണ്ടതാണ്.

(5) വെൻഡിംഗ് മാർക്കറ്റുകളിലേയ്ക്ക് സുഗമമായി എത്തിച്ചേരാനുള്ള നടപ്പാത/ യാത്ര സൗകര്യം ഉണ്ടായിരിക്കേണ്ടതാണ്. മത്സ്യം, മാംസം വിൽക്കുന്നവർക്ക് പ്രത്യേക സ്ഥലങ്ങൾ അനുവദിച്ചു നൽകേണ്ടതാണ്.

(6) വിൽപനയ്ക്കുള്ള സ്ഥലം അനുവദിക്കൽ, ടി സ്ഥലത്തെ ഖരദ്രവ മാലിന്യ സംസ്ക്കരണം, വൈദ്യുതി, വെള്ളം, തുടങ്ങിയ ബില്ലുകളുടെ കൃത്യമായ ഒടുക്കൽ, എന്നീ വിഷയങ്ങളിൽ വെന്റിംഗ് മാർക്കറ്റ് മാനേജ്മെന്റ് കമ്മിറ്റി മേൽനോട്ടം വഹിക്കേണ്ടതാണ്.

(7) നഗരതെരുവ് കച്ചവട മാർക്കറ്റിംഗിന്റെ രൂപരേഖ ആസൂത്രണം ചെയ്യുമ്പോൾ ബന്ധപ്പെട്ട ടൗൺ പ്ലാനാറുടെ അഭിപ്രായം നിർബന്ധമായും എടുത്തിരിക്കേണ്ടതാണ്.

(8) വെന്റിംഗ് മാർക്കറ്റുകളിൽ ഖരദ്ര മാലിന്യ സംസ്ക്കരണത്തിനുള്ള സംവിധാനം ഉണ്ടായിരിക്കേണ്ടതാണ്.

(9) കുടിവെള്ളം, വൈദ്യൂതി, ശുചിമുറികൾ എന്നീ സൗകര്യങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

(10) സ്ട്രോംഗ് റൂം, തുറസായ സ്ഥലം, പദ്ധതി നിർവ്വഹണപ്ലാൻ, മെയിന്റനൻസ് പ്ലാൻ, മാനേജ്മെന്റ് പ്ലാൻ, തുടങ്ങിയവ ഉണ്ടായരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,
(ഒപ്പ്)
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

അംഗീകാരത്തോടെ,

പ്രോഗ്രാം ഓഫീസർ (അർബൻ)